**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: I am satisfied with the unsatisfactory reply.

*Demand put and carried*

**(12) 40—Labour—Misceellaneous** *(Cont.)*

**Mr. President:** The Hon'ble Minister for Food and Education will continue his speech.

**Mr. K. Balakrishna Menon** *(Minister for Food and Education)*: Sir, I stated yesterday that some labourers approached me and wanted the Government to stand by when they would attempt to enter into the factory. And today I would narrate how a few of the labour leaders approached me with ready-made solutions. One leader suggested that the Government should put the employers in prison. Yet others suggested that the Government should immediately assume the management of the factory. I could not agree to either of these proposals for manifest reasons. For one thing, Sir, there was no provision of law. For another, even if there was provision of law, I could not do it because of the fundamental principle that if a factory has no capacity to keep going on, it should not be compelled to open the factory and run it. I am happy, Sir, to state that even in the award of the Adjudicator this sentiment has been expressed. I am still happier to observe that no less a person than the Hon'ble Minister for Labour in the Dominion Government has stated this as a policy to be followed by that Government also. So that, Sir, the question before me was, was this a genuine case where the industries were not in a position to carry on for want of capacity or was this a case of wilfully circumventing the award. It was vehemently contended on behalf of the factory-owners that it was a case of sheer incapacity. It was equally vehemently contended by the labour leaders that it was just the other way, so that on this point of issue, this difference has to be considered, and if it had not been considered by the Adjudicator, it has necessarily to be considered by the Government. I therefore referred the matter to the then Adjudicator to ascertain whether he has addressed his mind to this particular aspect and the honest and conscientious man that he is, he wrote back saying that this question has not been considered by him. Sir, then the problem was, what was the way out. So far as I could see, there were only two ways, one voluntary agreement between the parties by compromise, agreeing to sit at a table, talk over the matter and arrive at a settlement; the other was by ligislative sanction. We resolved to take up the former course and by this time, I had to leave the State for Delhi, and the Prime Minister assumed charge and continued the thread of discussion and negotiation. Both the factory owners and the representaives of the labour—I was told my Honourable friend, Mr. Achutha Menon represented the Labour—tentatively came to an agreement whereby the Government should persuade the factory-owners to open their factories and the factories also should give two days' wages at least to the workers in accordance with the terms of the award. It was also agreed that prior to the closing down period of the factory, the factory managers should be implementing the terms of the award. All this was agreed to by the managers. My friend Mr. Achutha Menon is reported to have observed that he wanted to consult the labourers once again and that a phone message will be sent in the evening. By this time, Sir, I had come down and we all were anxiously awaiting for the message. The message came but it stated that the labourers could agree only on one factor that the factory managers should unconditionally open the factory and start work. As regards the alternatives, the terms of the award may be a matter left for the sole decision of not only the Karuvannur labourers but also of other labour organisations. But they employed other ways. They were not agreeable to this course. In the meanwhile they had started picketing, hunger strike and all the technics. Sir, it was in these circumstances that I resolved to resort to other course that was open to me to end this deadlock. And what is the effect? It was reported to me that immediately on the appointment of this adjudication tribunal the labour contended that it was detrimental to their interests; the management contended that their interests also were overlooked because the award was not acceptable to them, and the only course open was the position taken up by the Government. This connot be a mistake on the part of the Government. I have no hesitation in saying this. My friend Mr. Achutha Menon said during the course of the adjournment motion on the very same point that the Government had committed a blunder.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ ചോദിച്ച ആ ഒരു ചോദ്യത്തിനുകൂടി മറുപടിപറഞ്ഞാൽ കൊള്ളാം.

**Mr. K. Balakrishna Menon** (*Minister for Food and Education*): Certainly, I am obliged to my friend for clarifying the point. Now regarding the point on which my Hon'ble friend wants me to say while I am doing something generally—I want to say this much. I have brought into existence a permanent machinery to solve these difficulties for the main reason that once you concede that every industry has got the inherent right to close it, if it finds that it has not the capacity to go on. The question of fact as to whether that industry comes within the particular category has to be considered. The further question is who shall be the authority to consider that question. Rather than taking up the responsibility by the Government themselves, we thought it is much better to entrust it to an independent tribunal of persons who can find time and who have the aptitude and inclination for that work. I confess due to my own limitations, I for one, probably found it very difficult to sit in judgment over the award of the adjudicator, to go through the wealth of evidence and sift it meticulously. That would take time and I thought that it was much better..

**Mr. P. Govinda Menon** (*Ernakulam*): Without interruption may I put a question? Did the Hon'ble Minister hear arguments from advocates for both parties before he passed or issued orders enforcing the report of the adjudicator regarding the Karavannur dispute?

**Mr. K. Balakrishna Menon** (*Minister for Food and Education*): Honestly I never wanted to make a reference to it. Sir, I think I had made all arrangements at the time when the messenger had come from Ernakulam for the purpose of informing me that I had to go back to Ernakulam immediately from Vadakkancheri. When I found that they were anxious to have the arguments I put it to my friend Mr. Achutha Menon if it was not better after my coming back. I referred this matter to the Prime Minister in a friendly way.

**Mr. Puthur Achutha Menon** (*Kattur*): I wish to correct it. My friend asked me whether it is enough if he passes the order after he returned from Delhi. He heard the arguments from both sides. Mr. P. K. Subramania Iyer for the manager and I for the labourers appeared. But I was very particular that early orders should be passed in the matter. I am only stating the facts.

**Mr. K. Balakrishna Menon** (*Minister for Food and Education*): But I took there was nothing wrong. Rather, I took it for granted that Mr. Sankara Menon could not have committed a mistake. I also took for granted that the policy of the Government would ordinarily be to accept an award unless there were some perverse findings.

**Mr. P. Govinda Menon** (*Ernakulam*): But was not the matter posted for hearing?

**Mr. K. Balakrishna Menon** (*Minister for Food and Education*): Unfortunately it was posted for a number of times as Mr. Achutha Menon referred to.

**Mr. P. Govinda Menon** (*Ernakulam*): Are we to take it that you did not hear them?

**Mr. Puthur Achutha Menon** (*Kattur*): Any way the adjudication has gone to the tribunal. And my humble submission to the House is that it will be detrimental to the interests of the labourers if the Government spokesmen say that they never suspected that Mr. Sankara Menon will go wrong especially at a time when the tribunal is sitting. It is very hard, Sir.

**Mr. P. Govinda Menon** (*Ernakulam*): The matter is sub-judice, Sir,

**Mr. K. Balakrishna Menon** (*Minister for Food and Education*): You cannot have it both ways. If they want me to answer a particular question, I have to say these things.

**Mr. Puthur Achutha Menon** (*Kattur*): It is not answering a question.

**Mr. P. Govinda Menon** (*Ernakulam*): The difficulty will be this, Sir. If the Government having come to the conclusion that the order of the adjudication was wrong and then appointed a tribunal it is something tantamount to—not that they will accept the mandate—something tantamount to giving a mandate.

**Mr. K. Balakrishna Menon** (*Minister for Food and Education*): I only mean to say this much now, that probably the Adjudicator would not have addressed his thoughts

LIBRARY ARCHIVES Kerala Legislative Assembly

upon that aspect of the question, that is whether the industry had the capacity to go on. I thought the adjudicator had addressed his mind upon that. I referred the matter to him and he wrote back to me to say that this aspect of the question has not been considered by him. Then I came to the conclusion that he had not considered the question.

**Mr. P. Govinda Menon** *(Ernakulam)*: Then it must be referred to him for consideration. As a lawyer, that must be the procedure. If the judge did not consider one particular aspect, his duty is to consider that particular point.

**Mr. K. Balakrishna Menon** *(Minister for Food and Education)*: I suppose there is very little good in our carrying on discussion like this. Coming to the other point my Hon'ble friend was making reference to the industrial unrest in Cochin as though it is a particular phenomenon of Cochin and Cochin alone. In the first place I believe it is not a correct statement of fact. What about the number of factories closed down in Coimbatore? We find there also such a state of affairs. But again assuming there is something in Cochin—you will pardon me if I say that it is due to the fact that the leadership of labour is not rising to the occasion.

**Mr. Puthur Achutha Menon** *(Kattur)*: Leadership of labour!

**Mr. K. Balakrishna Menon** *(Minister for Food and Education)*: Yes, labour leadership. That seems to be the greatest tragedy, Sir. I hold the view that if my friend or those who had come to negotiate on behalf of the labourer, if they had the courage and conviction to put the energy to tell the labourers thus far and no further, I take it, Sir, that this sort of trouble would not have taken place. There again it was a question of prestige. When the factory owners at Karuvannur were persuaded to open their factories, when they were persuaded to pay according to the terms of the award, when it was insisted upon as a condition by the labour representatives that according to the terms of the award they should be paid, then all these conditions were agreed to. And then he wanted to have another machine from the so-called rank and file of the labour. Then he was not prepared to admit that labour has not risen to the occasion. If that had been done, I am sure that this thing would not have taken place. You say that you are here for responsive co-operation. I ask you what sort of co-operation you have extended to Government?

**Mr. P. Govinda Menon** *(Ernakulam)*: We help the Government to save its prestige. But Government was not responsive.

**Mr. K. Balakrishna Menon** *(Minister for Food and Education)*: You would say like that! Then save us from such sort of co-operation.

**Mr. P. K. Dewer** *(Nominated)*: Yes. You can go away.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: You are permitted to go away Minister.

**Mr. K. Balakrishna Menon** *(Minister for Food and Education)*: Now, Sir, again coming to the question it is a pity that people do not realise that the Government had absolutely no hand over the Sitaram affairs. Today the management is in the custody of the High Court. Receivers are in management now. But in accordance with the recommendations of the adjudicator three or four workers have been turned out and then the Labour Union insisted upon that these three persons be re-instated, when the management were not willing for that. And so they started the strike. I ask, has the labour leadership risen to the occasion? Is not the High Court the competent authority?

**Mr. P. Govinda Menon** *(Ernakulam)*: Without interruption is it the Hon'ble Member's intention that once a factory is in liquidation or something like that and receivers have been appointed by the High Court the labour Laws of the State become inoperative?

**Mr. K. Balakrishna Menon** *(Minister for Food and Education)*: We take it then that we should look on the High Court as the custodian of the privileges of the capitalists and the labourers.

**Mr. P. Govinda Menon** *(Ernakulam)*: The High Court is not the custodian.

**Mr. K. Balakrishna Menon** *(Minister for Food and Education)* Sir, therefore my contention is this. I still contend that if proper advice had been given to the labour movement

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Menon]

this confusion would not have arisen. Let no charge be made against us that we are capitalist-minded, and that we are against the labour. Unfortunately that is the sort of propaganda that is being conducted even during these days when Government shows anxiety, at a time when every attention has to be concentrated upon the national crisis of food, at a time, Sir, when these gentlemen should have extended their helping hand to tide over the difficult situation.

**Mr. P. Govinda Menon** (*Ernakulam*): What do you expect of labour to tide over the food crisis?

**Mr. K. Balakrishna Menon** (*Minister for Food and Education*) We expect the Labour leadership to help the Government but those who had gone there had been carrying on propaganda against the Government.

**Mr. M. K. Raja** (*Mulakumnathukavu*): In the meantime there should be no propaganda against the Government?

**Mr. K. Balakrishna Menon** (*Minister for Food and Education*) I regret if Mr. Raja could understand me in that way only.

**Mr. Puthur Achutha Menon** (*Kattur*): Sir, if we get a chance we can prove that we have given the maximum co-operation in that direction and in spite of that the Government have failed.

**Mr. K. Balakrishna Menon** (*Minister for Food and Education*): But I should say it is not this sort of scurrilous propaganda that helps. It is not this sort of filthy language you use that helps. We all paid homage to that great soul to eschew violence—eschew violence in what? I have nothing more to say about this.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഈ കാര്യത്തിൽ ഗവണ്മെണ്ടു പ്രവർത്തിച്ചു, അല്ലെങ്കിൽ ഗവണ്മെണ്ടിനു വന്നുപോയ ഒരു പിശകിനെക്കുറിച്ചു ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞു. പിശകു് അറിഞ്ഞശേഷം അതു മന്ത്രി അവർകളും സമ്മതിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. അതു വലിയൊരു ഗുണമാണു്. പക്ഷെ ചെറിയൊരു പിശകു സമ്മതിച്ചു് വലിയൊരു പിശകു സമ്മതിക്കാതെയിരുന്നാൽ ആദ്യത്തെ സമ്മതത്തിൽ സന്തോഷിക്കാമൊ എന്നു സംശയമാണു്. വാസ്തവത്തിൽ അഡ്ജുഡിക്കേഷൻ മുതലാളികളും തൊഴിലാളികളും തമ്മിൽ തർക്കമുണ്ടാകുമ്പോൾ നിഷ്പക്ഷമായിനിന്നു സമാധാനം ഉണ്ടാക്കുവാൻ ഗവണ്മെണ്ടിനു സാധ്യമാകുന്നതിനു കണ്ടുപിടിച്ചിട്ടുള്ള പരിശുദ്ധമായ ഒരേർപ്പാടാണു്. ആ ഏർപ്പാടു കൊച്ചിഗവണ്മെണ്ടു അലങ്കോലപ്പെടുത്തിയിരിക്കുന്നു. അറിയാതെയാണു മനഃപൂർവ്വമാണെന്നു പറയുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം വളരെനേരം കേട്ടിരുന്നിട്ടും ആ കാര്യം സമ്മതിക്കാൻ അദ്ദേഹം തയ്യാറില്ലെന്നുകണ്ടു. ആദ്യം ചെയ്ത ഒരബദ്ധത്തിൽനിന്നു രക്ഷനേടാൻ അതിനേക്കാൾ വലിയൊരബദ്ധം ചെയ്തു. ഞാനൊരിക്കലും പറയുന്നില്ല ഗവണ്മെണ്ടു മുതലാളികളുടെ ഭാഗംചേർന്നു അങ്ങിനെ ചെയ്തതാണെന്നു്. ഒരബദ്ധത്തിൽനിന്നു മറ്റൊരബദ്ധത്തിലേയ്ക്കു ചെന്നുചാടി. അതിൽനിന്നു രക്ഷനേടണമെങ്കിൽ ശരിയായ കാര്യസമ്മതം വേണം. അതുകൊണ്ടേ രക്ഷയുള്ളു. ഇതിനെക്കുറിച്ചു ഗവണ്മെണ്ടിനോടു പറയണ്ട കാര്യങ്ങളും സൂക്ഷ്മമായ ഭാഷയിലും മൃദുലമായ ഭാഷയിലും പറഞ്ഞുകഴിഞ്ഞു. എനിയ്ക്കു പറയുവാനുള്ളതു്.....

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: എന്തു ചെയ്യണമെന്നാണു പറയുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: പറയാം. ഗവണ്മെണ്ടിനു ഒരു കുഴപ്പം വന്നു. മുതലാളിയും തൊഴിലാളികളും തമ്മിൽ ഒരു തർക്കം വന്നു. അവാർഡു ഒരു കക്ഷി സമ്മതിക്കുന്നില്ല. ആ സ്റ്റേജത്തെ ഗവണ്മെന്റിന്റെ കുഴപ്പം ഞാൻ മനസ്സിലാക്കുന്നു. ഗവണ്മെണ്ടു എന്തുചെയ്യും? ഗവണ്മെണ്ടു ധൈര്യം കാണിക്കണം. ഇമാജിനേഷനുള്ള ഗവണ്മെണ്ടാണെങ്കിൽ ആ വ്യവസായം ഏറ്റെടുക്കുകയാണുചെയ്യേണ്ടതു്. അതേറ്റെടുത്താൽ അങ്ങിനെ മറ്റു സമാപനങ്ങളും ഏറ്റെടുക്കേണ്ടിവരികയില്ലെ എന്നു ചോദിക്കുന്നുണ്ടു്. അങ്ങിനെ ഏറ്റെടുത്തു കഴിഞ്ഞാൽ ആ മുതലാളികളും അതു തിരിയെ ഏറ്റെടുക്കുന്നതിനു ഓടിവരുമെന്നു കാര്യത്തിൽ സംശയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മഹമ്മദ്അഷ്റഫ്: തൊഴിലാളികൾക്കുതന്നെ എടുത്തുകൊള്ളാമെന്നു പറഞ്ഞിരുന്നില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു വേണ്ട. ഗവൺമെന്റുതന്നെ എടുക്കണം. അതു പോകട്ടെ! എന്തായാലും മന്ത്രി കാര്യത്തിലുള്ള അബദ്ധം തിരുത്താനായി ഗവൺമെന്റ് ഇപ്പോഴത്തെ മാതിരി ഒരു ടിബ്യൂണൽ മാറ്റി ഫാക്ടറികൾക്കും ബാധകമായ നിയമമാക്കിയതെന്തിനാണ്. തൊഴിൽതർക്കത്തിനുള്ള ഉപയോഗിക്കുന്നതിനു ഗവൺമെന്റിന്റെ കൈവശമുള്ള നല്ല ഒരായുധം അദ്ദേഹത്തിനു നഷ്ടപ്പെടുത്തിക്കാനാണ്. അതു ശരിക്കുപയോഗിക്കാനുള്ള സന്തോഷം ഗവൺമെന്റ് ഇല്ലാതെയാക്കി. അതിനിയും ഗവൺമെന്റ് ആലോചിക്കേണ്ടതാണ്.

**Mr. K. Balakrishna Menon** (*Minister for Food and Education*): For the information of the Hon'ble Members, I hope, if I remember correctly, there is some such machinery in the Bill contemplated by Mr. Sankara Menon who was the adjudictor in the Industrial Disputes Bill. I may say my friend Mr. Dewer yesterday gave notice that he wanted a certain Bill to be introduced now. It was suggested to me that Mr. Sankara Menon have had exhaustive study of it. He has prepared a bill and if possible that can be substituted for the official Bill.

**Mr. P. Govinda Menon** (*Ernakulam*): Did Government decide so?

**Mr. K. Balakrishna Menon** (*Minister for Food and Education*): It is only being examined, but the machinery is there, I think.....

**Mr. P. Govnida Menon** (*Ernakulam*): It is only a question of law. That is on the model of the Bombay Bill. There are only two Acts in India regarding the settlement of Industrial disputes. One is by the Central Government and the other is by the Bombay Government. In the law enacted by the Central Government there is no provision for an Appellate Tribunal, but in the Bombay Act there is provision for an Appallete Tribunal, but it is stated that appeals shall be only on questions of law.

മിസ്റ്റർ കെ. അയ്യപ്പൻ: അഥവാ ശങ്കരമേനോൻ അങ്ങിനെ എഴുതി അയച്ചിട്ടുണ്ടെങ്കിലും തൊഴിലാളികൾക്കു രക്ഷ അങ്ങിനെയാണെന്നാണു തോന്നുന്നതു്. ഇപ്പോഴത്തെ നിലയിൽ തൊഴിലാളികൾക്കും രക്ഷയില്ല, മുതലാളികൾക്കും രക്ഷയില്ല.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: ഇപ്പോൾ നിഷ്പക്ഷമായിട്ടാണോ സംസാരിക്കുന്നതു്? മുതലാളിമാരുടെയും തൊഴിലാളികളുടെയും കാര്യം പറയുന്നുണ്ടല്ലൊ.

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ഒരു പക്ഷം ചേർന്നു സംസാരിക്കുന്നുള്ളുവെന്നതന്നെ വിചാരിക്കുക. ഞാൻ പറയുന്നതു്, ഇന്നു ബ്രിട്ടനിൽ നിലവിലിരിക്കുന്ന പൊളിറ്റിക്കൽ ഡെമോക്രസിയും അതിൽക്കൂടി നടപ്പിലാക്കാൻ വിചാരിക്കുന്ന സോഷ്യലിസവും അതാണു നല്ല വഴിയെന്ന ഒരു പക്ഷവും; അതല്ല, തൊഴിലാളികൾ വർഗ്ഗരഹിതമായ സമുദായം സ്ഥാപിച്ചു് ഡിക്ടേറ്റർഷിപ്പുമുഖേന രക്ഷ പ്രാപിക്കലാണു നല്ല വഴിയെന്നു് ഒരു പക്ഷവും ഇങ്ങിനെ രണ്ടു പക്ഷമാണു് ഇന്നു ലോകത്തിലുള്ളതു്. ഇതിൽ നമ്മൾ ഏതു വഴി സ്വീകരിക്കണമെന്നാണു് ഇവിടെ ചോദിക്കാനുള്ളതു്. ഇതു ഞാൻ മുതലാളിമാരോടാണു് ചോദിക്കുന്നതു്. ഇതിൽ രണ്ടിൽ മന്ത്രി സ്വീകരിക്കാതെ നിവൃത്തിയില്ല. തൊഴിലാളികളാണു് ദുർബ്ബലപക്ഷം. അവർക്കു രക്ഷ വേണം. വ്യക്തിസ്വാതന്ത്ര്യം ഇല്ലാതാക്കാതെ, ബലപ്രയോഗമൊന്നും കൂടാതെ സാമ്പത്തികമായും രാഷ്ട്രീയമായും ഡെമോക്രസി സ്ഥാപിക്കാമെന്ന ഒരു വഴി ഒരു വശത്തിരിക്കുന്നു. വേറൊരു വശത്തു് ഇതൊന്നും ശരിയായ വഴിയല്ല, തൊഴിലാളികളുടെ ഡിക്ടേറ്റർഷിപ്പുകൊണ്ടേ കാര്യം സാധിക്കുകയുള്ളുവെന്നു വാദിക്കുന്നു. ഇതിൽ നമ്മൾ ഏതു സ്വീകരിക്കണം? ഇതിൽ മുതലാളികളാണു് പരിഹാരം കാണേണ്ടതു്. ഞാൻ അവരെയാണു് കുറ്റപ്പെടുത്തുന്നതു്, വേറെ ഗവൺമെന്റിനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. മുതലാളികൾ ഗവൺമെന്റിനെ വേണ്ടിടത്തോളം സഹായിക്കുന്നില്ലെന്നാണു് ഞാൻ പറയുന്നതു്.

**Mr. K. Balakrishna Menon** (*Minister for Food and Education*): If I have the permission of the Chair, for the first time when I was the Labour Minister there happened to be a good number of strikes and an adjudicator was appointed. I have found the management reasonable and the labour was also reasonable. The whole matter had been talked out by conciliatory methods. I have invariably found both the management and the labour eminently accessible to persuation and conciliatory methods.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: ഇവിടത്തെ ഗവ ണ്ട് ഇതിനെക്കുറിച്ചെന്തെല്ലാം പറഞ്ഞു കഴിഞ്ഞാലും മുതലാളികളുടെ ഈ നയത്തിൽ ഗവമ്മെണ്ടിനോടുള്ള സഹകരണക്കുറവിനെക്കുറിച്ചു പറയാതെ തരമില്ല. ഇവിടത്തെ മുതലാളികൾ ബ്രിട്ടിഷുകാരെ കണ്ടു പഠിക്കേണ്ടതാണെന്നു ഞാൻ പറയുന്നു. ഇന്ത്യയിൽനിന്നു പോകാതെ തരമില്ലെന്നു് അവക്കു തോന്നി. അങ്ങിനെ അവർ പോകാൻ തീരുമാനിച്ചതിനു് ൫ മാസങ്ങൾക്കു മുമ്പുതന്നെ പോകാമെന്നു തന്നത്താൻ സമ്മതിച്ചു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സ്വന്തമനസ്സാലേ അല്ല, എത്ര പ്രാവശ്യം പിടഞ്ഞിട്ടാണെന്നു് അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: നില്ക്കാവുന്നിടത്തോളംകാലം അവർ നിന്നുനോക്കി. മുതലാളികൾ തൊഴിലാളികളോടു് അനുഭാവം കാണിക്കാതെയിരിക്കുന്നിടത്തോളംകാലം ഏതൊരു ഗവമ്മെണ്ടു വന്നാലും ഈ തൊഴിൽത്തർക്കം ഗവമ്മെണ്ടിനെ വീഷമിപ്പിക്കുന്നതായിരിക്കും. മുതലാളികൾ തൊഴിലാളികളോടു് അനുരഞ്ജകനയം കാണിക്കാതെയിരിക്കുന്നപക്ഷം അതു് ഇന്നലെ മിസ്റ്റർ ഡീവർ പറഞ്ഞതുപോലെ അവക്കുതന്നെ നാശകരമായിരിക്കും. ഈ ഓട്ടുകമ്പനി മുതലാളികൾ വിചാരിച്ചിരുന്നുവെങ്കിൽ രണ്ടുകൂട്ടർക്കും നഷ്ടമില്ലാത്ത ഒരു നില സ്വീകരിക്കാൻ കഴിയുമായിരുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മുതലാളികൾ അതിനു സന്നദ്ധരായിരുന്നു. എന്നാൽ തൊഴിലാളികളെ അതിനു സമ്മതിക്കാത്തതു് അവരുടെനേതൃത്വം വഹിക്കുന്നവരാണു്.

മിസ്റ്റർ ജോസു് കെ. വട്ടിസു്: അതിന്നിടയിൽ നില്ക്കുന്ന തൊഴിലാളിലീഡർമാരല്ലേ അവരെ രണ്ടുകൂട്ടരേയും തമ്മിൽ അടുപ്പിക്കാത്തതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അതും ഞാൻ കേട്ടു. തൊഴിലാളിലീഡർമാരാണു് ഒത്തുതീർപ്പിനു തൊഴിലാളികളെ അനുവദിക്കാത്തതെന്നു് ആക്ഷേപം ഞാൻ കേട്ടു. മുതലാളിമാരേയും ചിലർ വഴിതെറ്റിക്കുന്നുണ്ടെന്നും ഞാൻ കേൾക്കാതിരുന്നിട്ടില്ല. തൊഴിലാളികളുടെ ജീവിതാവശ്യങ്ങൾക്കു വേണ്ട കൂലി കൊടുത്താൽ യാതൊരു കുഴപ്പങ്ങളുമില്ലെന്നു മുതലാളിമാർ മനസ്സിലാക്കേണ്ടതാണു്. എല്ലാവരുംകൂടി ആലോചിക്കേണ്ട ഒരു സംഗതിയാണിതു്. വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടണമെങ്കിൽ മുതലാളികളും തൊഴിലാളികളും തമ്മിൽ രഞ്ജിപ്പു വേണം. വ്യവസായങ്ങൾ അഭിവൃദ്ധി പ്രാപിക്കാതെയിരുന്നാൽ അതെല്ലാവർക്കും ദോഷമാണു്.

**Mr. President:** If the Hon'ble member wants to continue his speech, he may do so after lunch.

*The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with the Hon'ble President in the Chair.*

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഒരു അഡ്ജൂഡിക്കേറ്റർ ഫ ഫ വന്നു അവസാനം വരെയും അടുത്തു സ്ഥാപിച്ചിട്ടുള്ള Appellate Tribunal-നു രണ്ടു മാസക്കാലത്തേക്കും വേണ്ടിവരുന്ന ചിലവിനുള്ള ഈ ധനാഭ്യർത്ഥനയുടെ വാദപ്രതിവാദത്തിൽ, യാതൊരു ഉപക്ഷേപവും കൂടാതെ—ഉപക്ഷേപം ഉണ്ടായിരുന്നിട്ടും അതു് അവതരിപ്പിക്കാതെ—ഈ ധനാഭ്യർത്ഥനയെ വെറുതെ എതിർക്കുകമാത്രം ചെയ്തുകൊണ്ടു് മണിക്കൂറുകളായി നീണ്ടുനിന്ന പ്രസംഗങ്ങളിൽനിന്നു പുറത്തുവന്ന സംഗതികൾ രണ്ടാണു്. അഡ്ജൂഡിക്കേഷൻ ആവശ്യമാണു്. എന്നാൽ ഇന്നു് അതായതു്, തുലാം ൪-ാംതു-ക്കുശേഷം തേണ ചക്രം തിരിക്കുന്ന തൊണാധികാരികളുടെ മേൽനോട്ടത്തിലുള്ള അഡ്ജൂഡിക്കേഷൻ സ്വീകാര്യമല്ല. അവരെ തൊണം കൈയേൽക്കാൻ നിർബന്ധിതരാക്കിയ മുമ്പിലത്തെ തൊണാധികാരികൾക്കു്.....

മിസ്റ്റർ എം. കെ. രാജ: അങ്ങിനെ പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെ പറഞ്ഞിട്ടുള്ള നിങ്ങളുടെ വാക്കുകൾ തന്നെ എടുത്തുപറയാൻ അതിൽ അത്ര ഭ്രമമുള്ളവനല്ല ഞാൻ. നിങ്ങൾ പറഞ്ഞിട്ടുള്ളതിന്റെ താല്പര്യമാണു് ഞാൻ പറയുന്നതു്. ഇന്നത്തെ അഡ്ജൂഡിക്കേഷൻ ഏർപ്പാടു് അനാവശ്യവും എന്നാൽ അവരാൽ സൃഷ്ടമായതു സ്വീകാര്യമാണെന്നും പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിൽ രണ്ടു തെറ്റുണ്ട്".

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ നിങ്ങളുടെ ശിഷ്യനല്ല. ശിഷ്യനായി വന്നപ്പോൾ പറയുന്നതു സ്വീകരിച്ചുകൊള്ളാം. നിങ്ങൾ ഉത്തരവാദിത്വബോധത്തോടുകൂടിയ പ്രതിപക്ഷനേതാവാണെങ്കിൽ അവിടെയിരുന്നുകൊണ്ടു് ഇത്തരം അനാവശ്യ വ്യാമോഹങ്ങളിൽ ഏർപ്പെടരുതെന്നു ഞാൻ പറയുന്നു. നിങ്ങൾ വലിയ മുതലാളികളെന്നും ചില്ലറ മുതലാളികളെന്നുമുള്ള ഭേദമാത്രപ്രയോഗത്തിൽ മുതലാളികളുടെ ഗവണ്മെന്റെന്നു പറഞ്ഞിട്ടു അതിന്റെ വേഗം മറന്നുപോയതായി കാണുമ്പോൾ ഞാൻ അതിൽ സ്വല്പം ക്ഷുഭിതനായെങ്കിൽ ക്ഷമിക്കണം. ഇതല്ലാതെ അതിൽ കാമ്പില്ല. പൊള്ളത്തരം പറയുമ്പോൾ ഹസിക്കും. അതു കേൾക്കുമ്പോൾ ഹിസ്സു് ചെയ്യിട്ടാവശ്യമില്ല. ഹിസ്സിനുപകരം വേറൊരു "സ്സു്" പ്രതിപക്ഷത്തുനിന്നു പിറുപിറുക്കുന്നതിനു ഇവിടെ സൌകര്യമില്ല. സർ, ഇതാണു് ഒരു സംഗതി. പിന്നെയുള്ള ഒരു സംഗതി ഈ അപ്പലെറ്റ് ട്രിബ്യൂണൽ ഏർപ്പാടു് നല്ലതല്ലെന്നാണു്. അതിനെ എതിർത്തവരിൽ മരാളായ തൊഴിലാളിനേതാവാകാൻ ശ്രമിക്കുന്നാൾ പറഞ്ഞു ട്രിബ്യൂണലിലെ വ്യക്തികളെപ്പറ്റി ആക്ഷേപമില്ലെന്നു്. അതിനെ തുടർന്നു് പ്രസംഗിച്ചു പിന്നത്തെ ആൾ പറഞ്ഞു അതിലുള്ള മൂന്നാളുകളിൽ ഒരാൾക്കു ഒരു ദോഷമുണ്ടു്. മറ്റൊരാൾക്കു വേറൊരു ദോഷമുണ്ടു്. മൂന്നാമത്തെ ആൾക്കു മറ്റെ രണ്ടാളുകൾക്കുമുള്ള ദോഷമുണ്ടെന്നു്. തുടർന്നു പ്രസംഗിച്ച ആൾ പറഞ്ഞു ട്രിബ്യൂണലിലെ ആളുകൾക്കു് യാതൊരു ദോഷവുമില്ല; അവർ പ്രാപ്തന്മാരാണു്; അവരുടെ തീർപ്പിലും ആക്ഷേപമുണ്ടായിരിക്കയില്ലെന്നു്. ഇങ്ങിനെയുള്ള ഭിന്നാഭിപ്രായങ്ങൾക്കു ഞാൻ എങ്ങിനെ മറുപടി പറയും?

**Mr. President:** Yes. The Hon'ble Member may continue.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* I must take note of even this attitude of my esteemed friend.

**Mr. President:** And the Hon'ble member will continue. Please make no interruption when the Hon'ble member is speaking. It is the direction from the Chair, please.

മിസ്റ്റർ കെ. അയ്യപ്പൻ: Appellate Tribunal ദോഷമാണെന്നു പറഞ്ഞതു ഏതു മെമ്പറാണു്?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മിസ്റ്റർ പുത്തൂർ അച്യുതമേനോൻ.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല. എന്റെ Speech-ൽ ഇല്ല. എന്റെ Speech correct ചെയ്തു ഇപ്പോൾതന്നെയാണു കൊടുത്തതു്; അതിലില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കറക്ടറ് ചെയ്ത സ്പീച്ചിലില്ലായിരിക്കാം എന്നാൽ ഷോർട്ടുഹാൻഡു് എടുത്തതിന്റെ ലോംഗ്ഹാൻഡു് റിപ്പോർട്ടിലുണ്ടു്. അതു് എന്റെ കയ്യിലുണ്ടു്.

മിസ്റ്റർ പി. അച്യുതമേനോൻ: എന്നാൽ ആ ഭാഗം വായിച്ചാൽ കൊള്ളാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്റെ കയ്യിലുണ്ടു്. പ്രസംഗത്തിലുണ്ടെന്നു ഞാൻ റിപ്പോർട്ടിൽ കണ്ടതാണെന്നു് പറയുന്നതിനെ വിശ്വസിക്കുക. ഇതാ ഇതു വായിച്ചു നോക്കുക.

**Mr. President:** If there is any mistake in the speech of any Hon'ble member, if any member thinks that any mistake is made by the Hon'ble speaker in relation to that member's speech, it is up to that particular member to point it out, and not for the whole House to point it out.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പിന്നെ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസംഗിച്ചതിൽ പറഞ്ഞു അപ്പലെറ്റ് ട്രിബ്യൂണലിലെ ആളുകൾ അതിനു പറ്റിയ യോഗ്യതയുള്ളവരാണെന്നു്. അതു അദ്ദേഹം സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. ഈ രണ്ടു സംഗതികൾ മാത്രമാണു ഞാൻ ആകെ പ്രസംഗങ്ങളിൽ കണ്ടതു്. എന്നാൽ ഇന്നത്തെ അഡ്ജൂഡിക്കേഷൻ ഏർപ്പാടിൽ വിശ്വാസമില്ലാത്ത സ്ഥിതിക്കു ഈ ധനാഭ്യർത്ഥന അനുവദിച്ചു കൊടുക്കാൻ പാടില്ലെന്നാണു പറയുന്നതു്. വിശ്വാസമില്ലെന്നു പറയാനുള്ള കാരണമെന്താണു്? കരുവന്നൂരിലെ അഡ്ജൂഡിക്കേഷൻ അവാർഡു, മുമ്പിലത്തെ മന്ത്രിസഭ ഭരണത്തിന്റെ സാരഥ്യംവഹിച്ചിരുന്ന കാലത്തു്, അവർ രാജികൊടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ക്കുന്നതിനു എത്രയോ കാലംമുമ്പു പാസ്സാക്കിയ അവാർഡു പരിശോധിച്ചു അതിന്മേൽ ഉത്തരവു പാസ്സാക്കുന്നതു് അതിൽ ചില തകരാറുകളുണ്ടെന്നുകണ്ടു്, അതുകൊണ്ടു ചെന്നതല്ലെന്നുകണ്ടു് നിട്ടിക്കൊണ്ടു പോന്നിരുന്നു.

**Mr. P. Govinda Menon** (*Ernakulam*): Sir, this statement is not correct. He is referring to what the previous Ministry did and I happened to be the previous Minister in charge. The matter was not adjourned for the purposes referred to by him.

**Mr. P. Kumaran Ezhuthassan** (*Vadakkancheri*): I accept the categorical statement that it was not adjourned for purposes stated by me and now I continue. ആ അഡ്ജൂഡിക്കേഷൻ റിപ്പോർട്ടു് ഗവണ്മെണ്ടിന്റെ കയ്യിൽ എന്റെ മാന്യസ്നേഹിതൻ ലേബർ മന്ത്രിയായിരുന്നകാലത്തെ ഗവണ്മെണ്ടിന്റെ കയ്യിൽ കിട്ടി അനവധി ദിവസം കഴിഞ്ഞതിന്നശേഷമാണു അവരുടെ രാജിയുണ്ടായതെന്നു ഞാൻ പറയുന്നു.

**Mr. P. Govinda Menon** (*Ernakulam*): No, Sir. and I am surprised that the Hon'ble member who is yet a non-official is referring to the contents of this file which, I am sure he has not seen.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എനിക്കു അയച്ചുതരുന്ന കടലാസുകൾ ഞാൻ സാധാരണ വായിക്കുന്ന പതിവുണ്ടു്. അഡ്ജൂഡിക്കേറ്ററുടെ വിധിയുടെ പകർപ്പു എന്റെ കയ്യിലുണ്ടു്. അഡ്ജൂഡിക്കേഷൻ അവാർഡു അവർ രാജിവെക്കുന്നതിനു എത്രയോ ദിവസം മുമ്പുതന്നെ അയച്ചുകൊടുത്തിട്ടുണ്ടു്. ആ അവാർഡിൽ അന്നത്തെ ഗവണ്മെണ്ടിനു സ്വീകാര്യമല്ലാത്ത പലതും ഉണ്ടായിരുന്നതുകൊണ്ടാണു് അവർ അതിന്മേൽ ഓർഡേഴ്സ് പാസ്സാക്കാതെ വെച്ചുകൊണ്ടിരുന്നതു്.

**Mr. P. Govinda Menon** (*Ernakulam*): Question.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഞാൻ ഗവണ്മെണ്ടു ഫയൽ കണ്ടിട്ടില്ല. കണ്ടിട്ടുണ്ടെന്നു പ്രതിപക്ഷനേതാവു് വിചാരിക്കുന്നതു ശരിയല്ല. ഞാൻ ആവശ്യപ്പെട്ടിട്ടില്ല. പക്ഷെ എനിക്കു കിട്ടുന്നകടലാസുകൾ ഞാൻ വായിക്കുന്ന പതിവുണ്ടു്. അതിനെ അടിസ്ഥാനപ്പെടുത്തിയാണു ഞാൻ പറയുന്നതു് ആ അവാർഡിന്മേൽ ഉത്തരവു പാസ്സാക്കുന്നതു് യുക്തമല്ലെന്നു കണ്ടതിനാലാണു അന്നത്തെ ഗവണ്മെണ്ടു അതു നിട്ടിക്കൊണ്ടുപോയതു എന്നു്. ഇപ്പോൾ അപ്പലേറ്റു ട്രിബ്യൂണലിന്റെ തീരുമാനത്തിനു സമയം അധികമാകുമെന്നു പറഞ്ഞു് വെമ്പുന്ന തൊഴിലാളി രക്ഷിതാക്കന്മാരാണെന്നു സഭയെ അഭിമാനിക്കുന്ന ഈ കൂട്ടർ ഗവണ്മെണ്ടിലുണ്ടായിരുന്നപ്പോൾ എന്തുകൊണ്ടു അതിന്മേൽ ആവശ്യമായ ഉത്തരവു പാസ്സാക്കിയില്ല? അങ്ങിനെ അതിന്മേൽ ഒരുത്തരവു പാസ്സാക്കുന്നതു തെറ്റാണെന്നു കണ്ടതുകൊണ്ടാണു് ഉത്തരവു പാസ്സാക്കാതിരുന്നതെന്നു് ഞാൻ പറയുന്നു. നിങ്ങൾ നിഷേധിച്ചാൽ ഞാൻ സമ്മതിക്കാൻ പോകുന്നില്ല. എന്റെ മാന്യസ്നേഹിതൻ അന്നത്തെ ലേബർ മന്ത്രിക്കു അബദ്ധം പറ്റിയെന്നു സമ്മതിച്ചാൽ പിന്നെ ഞാനൊന്നും പറയാതെയിരിക്കാമെന്നു പറഞ്ഞുകേട്ടു. മിസ്റ്റർ പി. കെ. സുബ്രഹ്മണ്യന്റെ വാദവും അഡ്വക്കേറ്റെന്ന നിലയിലുള്ള മിസ്റ്റർ പുത്തൂർ അച്യുതമേനോന്റെ പ്രസംഗവും കേട്ടതിനു ശേഷം അഡ്ജൂഡിക്കേറ്ററുടെഅവാർഡിന്മേൽ ഉത്തരവു പാസ്സാക്കാൻ ചുമതലപ്പെട്ട മന്ത്രി തന്റെ കർത്തവ്യബോധം വെച്ചുകൊണ്ടതന്നെ അബദ്ധമായ ഒരു ഉത്തരവു പാസ്സാക്കിയതു് അതു അബദ്ധമാണെന്നുകണ്ടു ആ അബദ്ധം തിരുത്താൻ തീരുമാനിച്ചതുതെറ്റാണോ സർ. തെറ്റുചെയ്തതു തെറ്റാണെന്നു സമ്മതിക്കുന്നതുസത്യസന്ധനസ്സാണെന്നു മിസ്റ്റർ അയ്യപ്പൻ സർട്ടിഫിക്കറ്റു തന്നിരിക്കുന്നസ്ഥിതിക്കു പിന്നെ നിങ്ങൾ അങ്ങിനെയല്ലെന്നുപറഞ്ഞാൽ ഞാൻ സമ്മതിക്കണോ സർ. കുറെവന്തരിൽ അന്നു് അഡ്ജൂഡിക്കേഷൻവെച്ചതു നല്ലതായിരുന്നു. ഇന്നാകട്ടെ അതു സ്വീകാര്യമല്ല. ആകട്ടെ ഞാൻ ചോദിക്കുന്നു ഈ അഡ്ജൂഡിക്കേഷൻ എർപ്പാടിന്മേൽ അപ്പലേറ്റു ട്രിബ്യൂണൽ മറ്റു രാജ്യങ്ങളിലുണ്ടോ ഇല്ലയോ എന്നു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടെന്നു് ഞാനപറഞ്ഞു?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഉണ്ടെന്നു ചിലരുടെ പ്രസംഗത്തിൽ പറഞ്ഞു. അതു പറയാം കേൾക്കണം. ഇനിയില്ലെന്നതന്നെ വാദത്തിനുവേണ്ടി സമ്മതിക്കാം. ഒരു ന്യായാധിപന്റെ തീർപ്പു് എത്തെങ്കിലും ഒരു കക്ഷിക്കു സ്വീകാര്യമല്ലാതെവന്നാൽ അതു

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും പരിശോധിക്കാൻ എർപ്പാടുചെയ്യുന്നതു ഇപ്പോഴത്തെ സാഹചര്യത്തിൽ അഭികാമ്യമാണോ? മറ്റു രാജ്യങ്ങളിൽ ഇല്ലെങ്കിൽതന്നെ പല കാര്യങ്ങളിലും മുന്നിട്ടുനിൽക്കുന്ന കൊച്ചിയിൽ അതു പാടില്ലെന്നു പറയുന്നതു ശരിയാണോ? ഈ കാര്യത്തിൽ ഒരു Appellate Tribunal വെച്ചുകൊണ്ടു അതൊന്നും ഇവിടെ സാധിക്കുമെന്നു പറയുന്നുണ്ടോ? ഇന്നത്തെ അവസ്ഥ കഠിനതന്നെ എന്നുമുണ്ടായിരിക്കുമെന്നു പറയുന്നുണ്ടോ? എന്നാലും ഒരു കക്ഷിക്കു അസൗകര്യമുണ്ടെങ്കിൽ അതിനെപ്പറ്റി പരിചിന്തിക്കാൻ ഒരു ട്രിബ്യൂണൽ വെക്കാമെന്നു പറയാനുള്ള. അങ്ങിനെ ഒരു ട്രിബ്യൂണൽ ഇന്നു വെച്ചിട്ടുണ്ട്. അതിനു രണ്ടുമാസത്തെ ചിലവിനുള്ള സംഖ്യ വേണമെന്നു പറയുന്നുള്ള. അപ്പോൾ രണ്ടുമാസത്തിനകം അവർ ആ ജോലി തീർക്കുമെന്നു വിചാരിക്കാവുന്നതാണു. അല്ലെങ്കിൽ സാധാരണപോലെ കുറച്ചുദിവസംകൂടി വേണ്ടിവരുമായിരിക്കും. ഈ അഡ്ജുഡിക്കേഷൻ ഇതിനുമുമ്പിലത്തെ മന്ത്രിസഭയുടെ കാലത്തു കൊണ്ടുവന്നതാണു. തൊഴിലാളികൾ ഈ അപ്പീലിനെ എതിർക്കുന്നുവെന്നാണു പറയുന്നതെങ്കിൽ ഈ അഡ്ജുഡിക്കേഷൻ എടുപ്പാടുതന്നെ തൊഴിലാളികൾ എതിർത്തിട്ടുണ്ടു. അവർ ഇന്നല്ല അഡ്ജുഡിക്കേഷൻ എടുപ്പാടു വേണ്ട എന്നു പറയുന്നതു. കരുവന്നൂർ സംഭവത്തിനു മുമ്പും തൊഴിലാളികൾ സ്വീപ്പർമാർ തുടങ്ങിയ ഇത്തരിയും അതുപോലെ മറ്റെല്ലാസ്ഥലങ്ങളിലും അഡ്ജുഡിക്കേഷൻ എടുപ്പാടു വേണ്ട എന്നു വിളിച്ചുപറഞ്ഞു നടക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു. അതോടുകൂടി വേറെ ചിലവാക്കുകളും വിളിച്ചുപറയാവുന്നു. ശ്രീമാൻ പുതുർ അച്യുതമേനോൻ നേതൃത്വം വഹിക്കുന്ന കരുവന്നൂർ തൊഴിലാളികളിൽനിന്നല്ല ആദ്യമായി അഡ്ജുഡിക്കേഷൻ എടുപ്പാടു വേണ്ട എന്ന അഭിപ്രായം പറഞ്ഞിട്ടുള്ളതു. അപ്പോൾ അഡ്ജുഡിക്കേഷൻ എടുപ്പാടു ഇന്നത്തെ നിലയ്ക്കു തെറ്റാണെന്നു പറയുന്നതിൽ അർത്ഥമില്ല. അതിനുവേണ്ടി Appellate Tribunal-നുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥന അനുവദിക്കുകയില്ലെന്നു പറയുന്നതു ചുരുങ്ങിപ്പോയിരാഹിത്യമാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥന പിന്താങ്ങിക്കൊള്ളുന്നു.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: ഈ ധനാഭ്യർത്ഥനയെ അടിസ്ഥാനപ്പെടുത്തി പല സാമാന്യകാര്യങ്ങളും പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അവർകളും ഒരു വിശദീകരണവും നൽകി. ഈ പ്രസംഗങ്ങളിൽനിന്നു് ഈ പ്രശ്നത്തിന്റെ പ്രാധാന്യവും ഗൗരവവും എല്ലാം മനസ്സിലാക്കാൻ കഴിയുന്നതാണു്. എന്നാൽ ഇന്നിവിടെ നടന്നിട്ടുള്ള പ്രസംഗങ്ങളിൽനിന്നു് ഒരു പ്രധാന സംഗതി വിട്ടുപോയിട്ടുണ്ടു് എന്നാണു് എനിക്കു തോന്നുന്നതു്. ഇവിടെ പലരും അഡ്ജുഡിക്കേഷൻ ട്രിബ്യൂണൽ ആവശ്യമുണ്ടെന്നും, ആവശ്യമില്ലെന്നും സംസാരിക്കുകയുണ്ടായി. പക്ഷെ, ഇതിന്റെ ആവശ്യം ഉണ്ടൊ, ഇല്ലയൊ എന്നു് തീർച്ചപ്പെടുത്തേണ്ട അവകാശം ആർക്കാണെന്നു് ആലോചിക്കാനാണു് ഈ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുന്നതു്. ആ സംഗതി വേണമോ വേണ്ടയോ എന്നു പറയേണ്ടതു തൊഴിലാളികളാണു്. ഇന്നത്തെ ലോകത്തിന്റെ മുഴുവൻ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയമാണു് തൊഴിലാളിപ്രശ്നം. നാട്ടിലുള്ള തൊഴിലാളികളാണു് ഇതു് ആവശ്യമില്ലെന്നു പറയുന്നതു്. അഡ്ജുഡിക്കേഷൻ സമ്പ്രദായത്തെ തൊഴിലാളികൾ എതിർക്കുന്നതു മുതലാളിമുട്ടുകൊട്ടിനെ ഭയപ്പെടുന്നതുകൊണ്ടു മാത്രമല്ല. തൊഴിലാളികൾക്കു മനസ്സിലാകുന്നു, ഈവക ശ്രമങ്ങളെല്ലാം അവരുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുള്ള ന്യായമായ സമരത്തെ നശിപ്പിക്കുവാനുള്ള ശ്രമങ്ങൾ മാത്രമാണെന്നാണു്. തൊഴിലാളികൾക്കു് അവരുടെ സമരം ദീർഘകാലം നിലനിർത്താൻ സാധ്യമല്ല. സമരം പൊളിക്കാനായി ചിലർ ചെയ്യുന്ന പരിശ്രമങ്ങളായതുകൊണ്ടാണു് തൊഴിലാളികൾ ഈ എടുപ്പാടിനെ എതിർക്കുന്നതു്. അതു് ഇവരെ സംബന്ധിക്കുന്ന മുതലാളിമാരായിട്ടുള്ള കൂട്ടുകെട്ടിനു് കാരണമായിത്തീരും എന്നുള്ള ബോധം കൊണ്ടുമാത്രമല്ല. തൊഴിലാളികളുടെ ഏതെങ്കിലും അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുള്ള സംരംഭത്തിൽ, പിക്കറ്റിങ്ങും, ലാത്തിച്ചാർജ്ജും, സന്ധിസംഭാഷം, അഡ്ജുഡിക്കേഷൻ, ട്രൈബ്യൂണൽ ഇതെല്ലാം കഴിയുന്നുവരെ തൊഴിലാളികൾക്കു് അവരുടെ സമരം തുടരാൻ സാധിക്കുകയില്ല. കയ്യൂക്കുള്ളവർ കൊണ്ടിരിക്കുന്ന അവസരത്തിലാണു് കതൊഴിൽസമരം ആരംഭിക്കുന്നതു്. ഈ ട്രൈബ്യൂണലും മറ്റും കഴിഞ്ഞുവരുമ്പോഴേയ്ക്കു് ഏതുകാലം കഴിഞ്ഞുപോകുമെന്നു് ഞാനൂഹിക്കാൻ സാധിക്കുകയില്ല. ഇതു ദീർഘകാലത്തേക്കു ഒരു സമരം നീട്ടിക്കൊണ്ടുപോകാൻ സാധ്യമല്ലാത്തതുകൊണ്ടാണു് ഈ സമ്പ്രദായത്തെ തൊഴിലാളികൾ എതിർക്കുന്നതു്. അതുകൊണ്ടു് അനാവശ്യമായ വാദപ്രതിവാദങ്ങളിൽ എടുപ്പാടെ ഉടനടി വേണ്ടവിധത്തിൽ അവരുടെ അവശതകൾക്കു് ഒരു പരിഹാരം നോക്കുവാ



LIBRARY ARCHIVES Kerala Legislative Assembly

[Mr. K. H. Sulaiman]

ന്നള്ള പ്രവത്തിയാണ് ജനങ്ങളെ പ്രതിനിധീകരിച്ച് ഇവിടെ വരുന്ന ഓരോ മെമ്പറും ചെയ്യേണ്ടത്. അതിന്ന് വേണ്ട പരിഹാരം അനാവശ്യമായി കാലവിളംബം വരുത്തുന്ന ഒരു എസ്റ്റാടിൽക്രോടിയല്ല കാണേണ്ടത്. ഇതുകൊണ്ടൊന്നും തൊഴിലാളികൾ അവരുടെ അവകാശം വകവെച്ചുകിട്ടത്തക്ക നിലയിൽ എത്തുന്നില്ല. കാലദീർഘം വരുത്തുന്ന പദ്ധതികൾ രൂപീകരിക്കുന്നതായാൽ അതു് തൊഴിലാളികളോടു് ചെയ്യുന്ന ഒരു ദ്രോഹമാണു്. ഇതുകൊണ്ടു് തൊഴിലാളികൾക്ക അവരുടെ അവകാശങ്ങൾ ഉടനെതന്നെ വകവെച്ചു കിട്ടുവാൻ പോകുന്നില്ല. ഈ അപ്പീൽകോടതി തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്ന കാര്യത്തിൽ കാലവിളംബം വരുത്തുന്ന ഏർപ്പാടായതുകൊണ്ടു് അതിന്നുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

റാവുബഹദൂർ ടി. കെ. നായർ: സർ, വളരെ കച്ചപ്പാടുണ്ടാക്കീട്ടുള്ള ഒരു ധനാഭ്യർത്ഥനയാണു് ഇതു്. ഇതിനെക്കുറിച്ചു് രണ്ടുവാക്കു പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മുതലാളിഗവർമ്മെണ്ടു് എന്നോ, തൊഴിലാളിഗവർമ്മെണ്ടു് എന്നോ ഉള്ള നിലയിലല്ല ആ വക വശങ്ങളെ മാററിവെച്ചു് ഈ പ്രശ്നത്തിലേക്കു് കടക്കാനാണു് ഞാൻ ആലോചിക്കുന്നതു്. ഇതു് മുതലാളിഗവർമ്മെണ്ടാണു് എന്നു പറഞ്ഞാലും ആരും വിശ്വസിക്കാൻ പോകുന്നില്ല. എത്രനിലക്ക പറഞ്ഞാലും വിശ്വസിക്കുകയില്ല എന്നു വിചാരിക്കാൻ മാത്രമുള്ള വകതിരിവു പഠിച്ചുകഴിഞ്ഞു ഞാൻ. ഈ ടൈബ്യൂണൽ വെയ്ക്കുന്നതിന്നുള്ള കാരണങ്ങളെ സംബന്ധിച്ചുമാത്രം ഒന്നു പറയാം. ഇതു മനഃപൂർവ്വം തൊഴിലാളികളെ അമർത്തുവാൻ വേണ്ടിട്ടാണെന്നു പറയുന്നതിൽ യാതൊരടിസ്ഥാനവുമില്ലെന്നു ബോദ്ധ്യപ്പെട്ടത്തേണ്ട കുമതലയുണ്ടു്. കരുവന്നൂർ Award എന്റെ സ്നേഹിതൻ ബാലകൃഷ്ണമേനോൻ സ്വീകരിച്ചു. Award സ്വീകരിച്ചുകഴിഞ്ഞാൽ മുതലാളിയും തൊഴിലാളിയും അതനുസരിച്ചു നടക്കണമെന്നാണു് നിർബ്ബന്ധം. അന്നുവരെ ഉണ്ടായിരുന്ന അവാർഡുകളുടെ തീരുമാനത്തിന്നുശേഷം, അതു് സ്വീകാര്യമല്ല എന്നുള്ള ഒരു നില ഗവർമ്മെണ്ടിന്നു് അഭിമുഖീകരിക്കേണ്ട ഒരു stage അതിന്നുമുമ്പു് ഉണ്ടായിരുന്നില്ല. മുതലാളി, അതായതു് മാനേജ്മെൻറ് ഫാക്ടറി അടച്ചിടുക എന്നുള്ളതു് ആദ്യമായി ഉണ്ടായിട്ടുള്ള സംഭവമാണു് കരുവന്നൂരിലേതു്. ഒരു കമ്പനി ഉടമസ്ഥനു് അവാർഡ്പ്രകാരമുള്ള കൂലികൊടുത്തു നടത്താനായിട്ടു സാദ്ധ്യമല്ലെന്നു കണ്ടുകഴിഞ്ഞാൽ അതു നിർത്താനുള്ള അവകാശം ഉടമസ്ഥനുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. കമ്പനി തുറന്നാൽ മാത്രമെ അവാർഡുപ്രകാരമുള്ള കൂലി കൊടുക്കേണ്ട ആവശ്യമുള്ളു. ഞങ്ങൾക്കു് ഈ അവാർഡുപ്രകാരമുള്ള കൂലി കൊടുത്താൽ മുതലാകയില്ല, അതുകൊണ്ടു് ഞങ്ങൾ കമ്പനി പൂട്ടിയിടാൻ തീർച്ചയാക്കി എന്നു് ഉടമസ്ഥന്മാർ പറഞ്ഞു. രണ്ടായിരത്തിൽ ചിലപ്പോൾ തൊഴിലാളികൾ—എത്രയാണെന്നു് സൂക്ഷ്മം അറിഞ്ഞുകൂടാ—കുറെ തൊഴിലാളികൾ ജോലിയില്ലാതെ പുറത്തായി. നാലഞ്ചു് ഓട്ടുകമ്പനികളിലെ തൊഴിലാളികൾ പുറത്തായി. തൊഴിലാളികൾ പറയുന്നു, അവാർഡു് മുതലാളി സ്വീകരിച്ചില്ല എന്നു്. മുതലാളി പറയുന്നു അവാർഡ് അനുസരിച്ചു കൂലി കൊടുത്തു; ഞങ്ങൾക്കു് ഇതു നടത്താൻ സാധിക്കുകയില്ല എന്നു്. അവക്കു് അതു നടത്താൻ സാധിക്കുമോ, ഇല്ലയോ എന്ന ഭാഗം ഇരിക്കട്ടെ. മുതലാളിയെക്കൊണ്ടു് കമ്പനി തുറപ്പിച്ചു് പണികിട്ടണമെന്നു് തൊഴിലാളിയ്ക്കു്. ഇതായിരുന്നു അവിടത്തെ സ്ഥിതി. മുതൽ ഇറക്കിയ ഉടമസ്ഥൻ പറയുന്നു, ഈ കൂലി കൊടുത്തു് നടത്തിയാൽ മുതലാകയില്ല; അതുകൊണ്ടു് ഞങ്ങൾ നടത്തുകയില്ല എന്നു്! തൊഴിലാളി പറയുന്നു, നടത്താൻ സാധിക്കും, കമ്പനി തുറപ്പിക്കുവിൻ എന്നു്! ഇങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ അവരെക്കൊണ്ടു് തുറപ്പിക്കുവാൻ അന്നു് നിയമം ഉണ്ടായിരുന്നില്ല. നിയമം ഉണ്ടാക്കിക്കൂടെ എന്നു് ചോദിച്ചു. ഉണ്ടാക്കാൻ വിരോധമുണ്ടായിരുന്നില്ല. മനഃപൂർവ്വം അവാർഡ് പ്രകാരമുള്ള കൂലി കൊടുക്കാതെ തൊഴിലാളികളെ കബളിപ്പിക്കാൻവേണ്ടി മാത്രമാണു് പൂട്ടിയിട്ടിരിക്കുന്നതു് എന്നു് ബോദ്ധ്യപ്പെടുന്നപക്ഷം തീർച്ചയായും ഒരു പ്രത്യേക നിയമമുണ്ടാക്കി തൊഴിലാളികൾക്കു് വേലചെയ്യുവാനുള്ള സൌകര്യം ചെയ്യാമായിരുന്നു. ഗവർമ്മെണ്ടു് സ്വീകരിച്ച അവാർഡ് മനഃപൂർവ്വം തൊഴിലാളിയെ കബളിപ്പിക്കാൻവേണ്ടിമാത്രം മുതലാളി അനുസരിക്കുന്നില്ലായിരുന്നതാണെങ്കിൽ മുതലാളിയെ നിർബ്ബന്ധിച്ചു് കമ്പനി തുറപ്പിക്കാമായിരുന്നു. അങ്ങിനെ ഒരു വിചാരം മുതലാളിമാക്കുണ്ടെന്നു് ബോദ്ധ്യപ്പെട്ടിട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മുതലാളിമാരുടെ വിചാരം തെറ്റോ ശരിയോ എന്നറിയാൻ എന്തെങ്കിലും പ്രവത്തിച്ചുവൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയുള്ള ഒരു പരിതഃസ്ഥിതിയിൽ മദ്ധ്യസ്ഥരെ പരിശ്രമിച്ചു. മുതലാളിയും, തൊഴിലാളിപ്രതിനിധികളും, ഗവർമ്മെണ്ടും പല അവസരത്തിലും ഇതിനെപ്പറ്റി ആലോചിച്ചു. നിരുപാധികമായി ഇന്ന ദിവസം കമ്പനി കഠം തുറക്കാത്തപക്ഷം സമരം തുടങ്ങുന്നതാണെന്നാണ് മറപടി ലഭിച്ചതു്. കമ്പനി തുറപ്പിക്കുവാൻ ഈ അവസരത്തിൽ എന്താണു വഴി! കമ്പനി തുറപ്പിച്ചു്, കരുവന്നൂർ തൊഴിലാളികൾക്കു് മുഴുവൻ പണികൊടുക്കുന്നതിനു ഒരു പോംവഴിയായി തല്ക്കാലം മുതലാളിമാക്കു് അവരുടെ ഈ അവാർഡിനെ പരിശോധിക്കിൻവേണ്ടി ഒരു Appellate Tribunal നിശ്ചയിച്ചു. കമ്പനികഠം തുറന്നു. കരുവന്നൂരിലെ കഴപ്പത്തിനു് തല്ക്കാലം ഒരു ശമനം കിട്ടി. ഇതാണു് വാസ്തവത്തിൽ ഉണ്ടായതു്.

ആ ഒരു കാര്യത്തിൽ, മിസ്റ്റർ അയ്യപ്പൻ ചോദിച്ചു, ഈ Tribunal നിശ്ചയിക്കുക എന്നതു് അതു് ഒന്നിന്നുമാത്രം പോരെ എന്നു്. എന്നാൽ ഞാൻ പറയുന്നു, ഇന്നത്തെ ലേബർ problem ത്തെപ്പറ്റി വളരെ അധികം പഠിച്ചിട്ടുള്ളവനല്ല ഞാൻ. ഇങ്ങിനെയുള്ള പരിതഃസ്ഥിതികഠം വളരെ അധികം ഇനിയും ഉണ്ടാകും. എന്നാൽ ഒരു അവാർഡ് സ്വീകരിക്കുവാൻ രണ്ടു ഭാഗത്തുനിന്നും വക്കീലന്മാരുടെ വാദപ്രതിവാദം കേട്ടതിന്നുശേഷം മതി എന്നുള്ളതു് ശരിയല്ലെന്നു് ഞാൻ വിശ്വസിക്കുന്നു. ഇതു് കൂടുതൽ Labour problem പഠിച്ചിട്ടുള്ള ആളുകൾക്കും അറിയാം. ഞാൻ വിചാരിക്കുന്ന അതു് ശരിയല്ലെന്നു്. എന്നാൽ ആദ്യംതന്നെ മദ്ധ്യസ്ഥത ഗവമ്മെണ്ടതന്നെ മതി, അവാർഡ് ആവശ്യമില്ല, ഈ അവാർഡിനെപ്പറ്റി ആക്ഷേപമുണ്ടെങ്കിൽ, അതുപോലെതന്നെ ഒരു ട്രൈബ്യൂണൽ വേണമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ട്രിബ്യൂണലിനെപ്പറ്റി ആക്ഷേപമുണ്ടെങ്കിലോ?

റാവു ബഹദൂർ ടി. കെ. നായർ: ഹൈക്കോട്ട് വിധിയിന്മേൽ ആക്ഷേപമുണ്ടെങ്കിലോ? എന്താ, ആ സംശയത്തിന്നു് മറപടിയായില്ലെ?

യാതൊരു രാജ്യത്തും ഇല്ലാത്തതായിട്ടുള്ള ഒരു സംഗതിയാണെന്ന വാദമാണെങ്കിൽ അങ്ങിനെ യാതൊരു രാജ്യത്തും ഇല്ലാത്തതായിട്ടുള്ള ഒരു നല്ലകാര്യം ഒന്നു് പരീക്ഷിച്ചുനോക്കി, താല്ക്കാലികമായ ആ നല്ല കാര്യംകൊണ്ടു് ആവശ്യം സാധിക്കുകയാണെങ്കിൽ, അതു് വേണ്ടെന്നുവെയ്ക്കുന്നതു് ശരിയാണോ? അതുകൊണ്ടു് വേറെ ഒരു ദിക്കിലും ഇല്ല എന്നുള്ള വാദം ഞാൻ സ്വീകരിക്കാൻ തയ്യാറില്ല. നമ്മളും മനുഷ്യരാണു്. എല്ലാദിക്കിലും നിയമങ്ങഠം ഉണ്ടാക്കുന്നതും മനുഷ്യരാണു്. ഒരു വീട്ടിൽ ജനിക്കുന്നവരൊക്കെ കുരുടന്മാരായിരുന്നു എന്നുള്ള പാരമ്പര്യം വെച്ചുകൊണ്ടു്, ആ പാരമ്പര്യത്തിനു വിപരീതമായി കണ്ണുള്ള ഒരു കുട്ടി ജനിച്ചാൽ, ആ പാരമ്പര്യത്തിന്റെ പേരിൽ, കണ്ണു് കുത്തിപൊട്ടിക്കണം എന്നു പറഞ്ഞാൽ അതു ശരിയല്ല.

മിസ്റ്റർ എം. കെ. രാജ: ലേബർ പ്രശ്നത്തെ സംബന്ധിച്ചു് അധികമൊന്നും പഠിച്ചിട്ടില്ല എന്നു് സമ്മതിക്കുന്ന ഒരാഠക്കു്, മറ്റ ഗവമ്മെണ്ടുകളിൽ ഇങ്ങിനെ ഒരു നടപടിയില്ലെന്നു പറയുമ്പോഠം അതു് സ്വീകരിക്കുന്നതിൽ എന്താണുവിഷമം?

റാവു ബഹദൂർ ടി. കെ. നായർ: പഠിച്ചിട്ടില്ലാത്തതുകൊണ്ടാണു് സ്വീകരിക്കയില്ല എന്നു പറഞ്ഞതു്. ഒരാഠം പഠിച്ച രീതിയിലല്ല മറെറാരാഠം പഠിക്കുന്നതു്. അതാണു് വത്യാസം. ഈ പാരമ്പര്യം—ഇറക്കുമതിയുണ്ടല്ലൊ, അതിലാണു് കഴപ്പം പറവന്നതു്! ഒരു പുതിയ വഴിയെ ആലോചിക്കാനുള്ളു. സർ, ഇതിൽ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ സുലൈമാൻ പറഞ്ഞ ഒരു വിഷയം, ഗൌരവമായി ആലോചിക്കേണ്ട മന്നാണു്. അതായതു് ഒരു തൊഴിലാളിക്കു ഒരു അഡ്ജൂഡിക്കേഷന്റെ അടുത്തും, ഒരു ട്രൈബ്യൂണലിന്റെ അടുത്തും വാദപ്രതിവാദം നടത്തി തന്റെ കാര്യങ്ങഠം മുഴുവൻ സാധിക്കുവൻ ഉള്ള ബുദ്ധിമുട്ടുകളും കാലതാമസവും തീർച്ചയായിട്ടും ആലോചിക്കേണ്ട വിഷയമാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: ആ കാരണം കൊണ്ടുതന്നെയാണു് ഇതു് എല്ലാ കാര്യത്തിലും വേണ്ട എന്നു വാദിച്ചതു്.

റാവു ബഹദൂർ ടി. കെ. നായർ: അഡ്ജൂഡിക്കേഷൻ അവാർഡ് ട്രൈബ്യൂണലിന്റെ തീരുമാനംവരെ ആ അവാർഡ് ബാധകമായിരിക്കുമെന്നു പറഞ്ഞാൽ തൊഴിലാളികൾക്കു് ദോഷമുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ എങ്ങിനെയാണ് മറുപടി പറയുക?

റാവു ബഹദൂർ ടി. കെ. നായർ: അതുപോലെ പെട്ടെന്ന് മറുപടി പറയാൻ പറ്റാത്ത ചില വിഷയങ്ങളുണ്ട്. ഇങ്ങിനെ ആലോചിച്ച് മറുപടി പറയേണ്ട പല വിഷയങ്ങളുമുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ: തൊഴിലാളികൾക്ക് അപ്പീൽ കഴിയുന്നതുവരെയും, തല്ക്കാലത്തെ ബുദ്ധിമുട്ടകറ്റുന്നതിന് പരിഹാരമാകുമോ?

റാവു ബഹദൂർ ടി. കെ. നായർ: ആ തൊഴിലാളികൾക്ക് വാദപ്രതിവാദത്തിനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുക്കാമെന്നുവെച്ചാലോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Crown Defence ആയിരിക്കും.

റാവു ബഹദൂർ ടി. കെ. നായർ: ഇതെല്ലാം ആലോചനാവിഷയങ്ങളാണ്. ഒന്നുണ്ടാകുമ്പോഴാണല്ലൊ, അതിനെ തുടർന്ന് വേറൊന്നാലോചിക്കുവാനുണ്ടാകുന്നത്. തല്ക്കാലം ഒരു കായ്ത്തുറന്ന് ടിബ്യൂണൽ ഉണ്ടാക്കി. അതു പറയുകയും ചെയ്തു. മേലാൽ ഇതുപോലെയുള്ള കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടിട്ട് രണ്ടുകൂട്ടർക്കും സ്വീകാര്യമായിട്ടുള്ള തരത്തിൽ ഒരു നിയമം ആവശ്യമാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: ടിബ്യൂണലിന്റെ തീരുമാനംവരെ ആ അവാർഡ് നടപ്പിലാക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ അതു് ഇപ്പോഴുള്ള കായ്ത്തിനും ബാധകമാണൊ?

റാവു ബഹദൂർ ടി. കെ. നായർ; നോട്ടീസ്സുവേണം. തൊഴിലാളികൾക്ക് യാതൊരുതരത്തിലുള്ള ദ്രോഹവും നേരിട്ടിട്ടില്ല. വാസ്തവത്തിൽ ആലോചിക്കുന്നപക്ഷം തൊഴിലാളികളെ ദ്രോഹിക്കണമെന്നു് ആർക്കും വിചാരമില്ലെന്നു മനസ്സിലാകും. തൊഴിലാളിയും മുതലാളിയുംകൂടി, ന്യായമായി രണ്ടുകൂട്ടരും ഏതാണ്ട് സംതൃപ്തിയോടുകൂടി നടക്കുന്ന ഒരു തൊഴിലാളിലോകത്തിലല്ലാതെ ഇൻറസ്ട്രിസ് ഡെവലപ്പ് ചെയ്യുമോ? മുതലാളിമാർക്കും അങ്ങിനെയായാൽ രക്ഷയില്ല. തൊഴിലാളികളെ ദ്രോഹിക്കാൻ ഒരു തരത്തിലും സമ്മതിക്കുകയുമില്ല. മുതലാളിയെ കളയാനും തരമില്ല. മുതലാളിയുംവേണം, തൊഴിലാളിയും വേണം. രണ്ടുകൂട്ടരും വളരെ രഞ്ജിപ്പോടുകൂടി വർത്തിക്കണം. തൊഴിലാളിയുടെ ത്രുപക്ക് ഫ ൭ അണയും വർധിപ്പിച്ചു കൊടുക്കാം. എന്നാൽ എന്തെങ്കിലും വ്യാപാരത്തിന്നു നിങ്ങിട്ടുള്ളതിനും ഒരു പ്രതിഫലം കിട്ടത്തക്ക ഒരു പരിതഃസ്ഥിതി മുതലാളിക്കും ഉണ്ടാക്കികൊടുക്കേണ്ട ചുമതല ഗവർമ്മെന്റിനുണ്ട്. ആ മനസ്ഥിതിവെച്ചുകൊണ്ടുമാത്രമാണ് ഈ ഏർപ്പാട് ചെയ്തിട്ടുള്ളത് എന്നല്ലാതെ വേറെ യാതൊന്നും ഉദ്ദേശിച്ചുല്ല. ഇതു് തൊഴിലാളികളെ കൊല്ലാനും മറ്റുമല്ല. ആ ഉദ്ദേശവുമില്ല. അതുകൊണ്ട് ഈ ടൈബ്യൂണലിന്റെ ആവശ്യത്തിനു് വേണ്ടിയുള്ള ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരുന്നതിനു് ഇത്രയും വിശദീകരണത്തിനു് ശേഷവും തടസ്ഥമുണ്ടാകുകയില്ലെന്നു് വിശ്വസിക്കുന്നു.

ഇനി, മിനിമംവേജസ് ബിൽ അവതരിപ്പിക്കാതിരിക്കാനുള്ള കാരണം എന്റെ മാന്യസ്നേഹിതനു് അറിയാമെന്നു വിശ്വസിക്കുന്നു. ഇവിടെ മാത്രമായിട്ട് ഒരു പ്രൊവിഷൻ വരുത്തുന്നതു ശരിയല്ല.

മിസ്റ്റർ പി. ശങ്കരമേനോൻ: മറ്റെങ്ങും ഇല്ലാത്ത ഒരു നിയമം, നല്ലതാണെങ്കിൽ, അതു് ഇവിടെ വരുത്തുന്നതിൽ എന്താണു് വിരോധം?

റാവുബഹദൂർ ടി. കെ. നായർ: അതു് വക്കീലന്മാരുടെ വാദമാണ്. അതു് ഇതിലേക്ക് ബാധകമല്ല. ഞാൻ പറയുന്നതു് വക്കീലന്മാർക്കൊക്കെ അപമാനകരമായിത്തീർന്നാലൊ എന്നു് വിചാരിച്ച് ഈ ന്യായവാദത്തെക്കുറിച്ചു് അധികമൊന്നും പറയുന്നില്ല. Government of India അവിടെ ഒരു clause object ചെയ്തു എന്നു പറഞ്ഞാൽ, നല്ലതാണെങ്കിൽ, അതു് ഇവിടെ എടുത്തുകൂടെ എന്നു് ചോദിക്കുന്നതു് എന്തൊരു ന്യായമാണു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Bonus വ്യവസ്ഥപാടില്ലെന്ന് Government of India പറഞ്ഞിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: Harbour Area-യിൽ പാടില്ല എന്നാണ് പറയുന്നത്. അതുകൊണ്ട് അതു് അവിടെയും ഇവിടെയും യോജിപ്പുള്ളതരത്തിൽ ഒരു ബില്ലാക്കാമെന്നു വിചാരിച്ചു് ഇപ്പോൾ കൊണ്ടുവരാതിരിക്കുന്നതാണ്.

മിസ്റ്റർ എം. കെ. രാജ: മറ്റുള്ള സ്ഥലങ്ങളിലെ കായ്ത്തുകളെ സംബന്ധിച്ചു് പ്രധാനമന്ത്രി പറയുകയുണ്ടായി; മറ്റുള്ള രാജ്യത്തു് ഇല്ലാത്തകായ്ത്തുകൾ, നല്ലതാണെങ്കിൽ ഇവിടെ സ്വീകരിക്കാൻ വിരോധമുണ്ടായിരിക്കുകയില്ല എന്നും മറ്റും. ഐക്യസംസ്ഥാനത്തെ ഹത്തറാസു് എന്നു് പറയുന്നസ്ഥലത്തു ട്രിബ്യൂണൽ പാസ്സാക്കിയ ഒരു Award മുതലാളി സ്വീകരിക്കാതിരിക്കുകയും, ഗവൺമെണ്ടുതന്നെ ആ ഫാക്ടറി ഏറ്റെടുക്കുകയും, പിന്നിട് ഫ ൦ ദിവസത്തിനകം ആ മുതലാളിതന്നെ Award അനുസരിച്ചു് നടത്തുകൊള്ളാമെന്നുള്ള നിശ്ചയത്തിന്മേൽ കമ്പനി തിരിയെ ഏറ്റെടുക്കുകയും ചെയ്തതായിട്ടുള്ള കഥ വായിക്കുകയൊ, അറിയുകയൊ ഉണ്ടായിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: വായിച്ചിട്ടുണ്ടു്. ആ കായ്ത്തെപ്പറ്റി ഗൌരവമായിട്ടു് ആലോചിച്ചിട്ടുണ്ടു്. എന്നാൽ ഗവൺമെണ്ടു് പ്രവേശിക്കേണ്ടതായിട്ടുള്ള ഇൻഡസ്ട്രിസ് ചെയ്യത്തക്ക ഒരു വിഷയമാണ് അതു് എന്നു് പറയാമൊ? അതിനെക്കുറിച്ചൊക്കെ ആലോചിച്ചിട്ടുണ്ടു്. ആ ഇൻഡസ്ട്രി എന്താണു്?

മിസ്റ്റർ എം. കെ. രാജ: എന്തു് ഇൻഡസ്ട്രിയായാലും ഗവൺമെണ്ടു് ഏറ്റെടുക്കുമെന്നു വന്നപ്പോൾ ഫ ൦ ദിവസംകൊണ്ടു് മുതലാളിതന്നെ തിരിയെ നടത്തിക്കൊള്ളാമെന്നു് സമ്മതിച്ചില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: പ്രൈംമിനിസ്റ്ററുടെ അഭിപ്രായം ഗവൺമെണ്ടു് nationalise ചെയ്യാവുന്നതരത്തിലുള്ള ചില ഇൻഡസ്ട്രീസാണെങ്കിൽ മാത്രമെ ഗവൺമെണ്ടു് ഏറ്റെടുക്കാവു എന്നാണെങ്കിൽ ഗവൺമെണ്ടു് സാധാരണനിലയിൽ nationalise ചെയ്യുന്ന industry അല്ല ഏറ്റെടുത്തതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: United Province-ൽ Hataras-ൽ ഉണ്ടായസംഭവം Cotten Mill-നെ സംബന്ധിച്ചായിരുന്നു. ആ മില്ലിലെ ഉടമസ്ഥനായ മുതലാളിയെ ഞാൻ കണ്ടു് സംസാരിച്ചതാണു്. Adjudicator Award പാസ്സാക്കി. ആ Award അനുസരിച്ചു് മില്ലു് നടത്തുവാൻ സാദ്ധ്യമല്ലെന്നു് മുതലാളി വാദിച്ചു. ആ വാദം സ്വീകരിക്കുവാൻ ഗവൺമെണ്ടു് ഒരുക്കമുണ്ടായിരുന്നില്ല. മില്ലു് പൂട്ടി. ഉടനെ ആ മില്ലു് വേറെ ഒരാളെക്കൊണ്ടു് നടത്തിക്കാനുള്ള നിയമം പാസ്സാക്കി. പത്തുദിവസത്തിനകം ആ മുതലാളിതന്നെ Adjudication വ്യവസ്ഥയനുസരിച്ചു് നടത്തിക്കൊള്ളാമെന്നു് സമ്മതിച്ചു് മില്ലു് ഏറ്റെടുത്തു.

റാവുബഹദൂർ ടി. കെ. നായർ: ഏതെങ്കിലും ഒരു ഓട്ടുകമ്പനി ഗവൺമെണ്ടു് ഏറ്റെടുത്തതായ ഒരു സംഭവം കേട്ടിട്ടുണ്ടൊ?

മിസ്റ്റർ പി. ശങ്കരമേനോൻ: നാലഞ്ചു മുതലാളിമാരുടെ പേരിൽ prosecution ഉണ്ടായിരുന്നുവല്ലൊ. അതിന്റെ നിലയെന്താണു്?

റാവുബഹദൂർ ടി. കെ. നായർ: ഓർഡർ vacate ചെയ്യുമ്പോൾ prosecution നില്ക്കുകയില്ലെന്നു് അറിഞ്ഞുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കമ്പനി പൂട്ടിയിട്ട കാലത്തേക്കു് തൊഴിലാളികളുടെ കൂലികൊടുക്കുന്നതിനു് വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസ് വേണം.

മിസ്റ്റർ പി. കെ. ഡീവർ: തൊഴിലാളികളുടെ പേരിലുണ്ടായിരുന്ന കേസ്സുകൾ എതു് നിലയിലിരിക്കുന്നു?

റാവുബഹദൂർ ടി കെ. നായർ: നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

**Mr. President:** The question is that Government be granted a sum of Rs. 7,726 under "40—Labour—Miscellaneous".

*Demand put and carried.*

**Mr. Puthur Achutha Menon** (*Kattur*): A poll, Sir.

| | *Ayes* | | *Noes* |
|---|---|---|---|
| 1 | Rao Bahadur T. K. Nayar | 1 | Mr. K. T. Achuthan |
| 2 | Mr. Parambi Lonappen | 2 | „ K. Ayyappan |
| 3 | „ K. Balakrishna Menon | 3 | „ P. K. Dewer |
| 4 | Rao Sahib C. J. Mathew | 4 | „ K. I. Velayudhan |
| 5 | Mr. M. Sivarama Menon | 5 | „ K. Kochukuttan |
| 6 | „ P. Raman Menon | 6 | „ K. H. Sulaiman |
| 7 | „ K. S. Raghavan | 7 | „ P. Govinda Menon |
| 8 | „ K. Govinda Menon | 8 | „ C. R. Iyyuni |
| 9 | „ Ambat Eachara Menon | 9 | „ Puthur Achutha Menon |
| 10 | „ K. A. Raghavan | 10 | „ V. R. Krishnan Ezhuthassan |
| 11 | „ T. V. Kochuvareed | 11 | „ M. K. Raja |
| 12 | „ Jos K. Varghese | 12 | „ P. K. Paul |
| 13 | „ P. V. Sebastian | 13 | „ C. S. Panicker |
| 14 | „ R. S. Thevanna Gownder | 14 | „ P. Sankara Menon |
| 15 | „ T. K. L. Kunhuvareed | 15 | „ P. T. Jacob |
| 16 | „ K. Natarajan Chettiar | 16 | „ M. I. Paul |
| 17 | „ P. Narayana Menon | 17 | „ G. S. Dhara Singh |
| 18 | „ M. K. Varghese | 18 | „ P. Mani |
| 19 | „ S. S. Koder | 19 | „ K. K. Kannan |
| 20 | Dr. S. S. Rao | | |
| 21 | Mr. P. Kumaran Ezhuthassan | | |
| 22 | „ P. A. Mohamed Ashrof | | |
| 23 | „ C. N. Ittiravi Namboodiri | | |
| 24 | „ K. R. Ramakrishnan | | |

**Mr. President:** 24 in favour of the motion and 19 against. So the motion is carried and the grant is made.

*Motion put and carried*

**(13) "14—Forests and Tramway—A 6 (a) by transfer from A 1—a—2"**

**Mr. Parambi Lonappen** (*Minister for Revenue*): Sir, I rise to move for an additional allotment of Re. 1/- under "14—Forests and Tramway—A 6 (a)" by transfer from "A 1-a-2". Hitherto the newly opened Kopathode Tanah was held in a temporary shed. As this temporary shed is found to be unsafe for holding the Tanah it is proposed to acquire a plot of land 20 cents in extent with a buildidg for locating the Tanah. The total acquisition charges including the cost of the building will come to Rs. 1,517—1—0. There is no provision for this in the current year's budget. The expenditure on this account has to be met from the head A.6 (a) the provision under which head is insufficient to meet the demand. But the additional requirement can be met from savings under the head A1-a-2 of the sanctioned budget. It is therefore necessary to transfer a sum of Re. 1 from A1 (a) 2 to A6a by a token motion. I request that the grant may be made.

*Demand put and carried*

**(14) "15—Registration—(a) Miscellaneous"**

**Mr. Parambi Lonappen** (*Minister for Revenue*): Sir, I rise to move for an additional allotmet of Rs. 1,305 under "15—Registration—(a)—Miscellaneous". The budget provision for the purchase of Registration ink for 1123 is only Rs. 800. But the cost of ink so far received this year including Railway freight and packing charges comes to Rs. 2,104—0—0. This is due to the abnormal increase in the cost of Registration ink. An additional allotment of Rs. 1,305 is therefore necessary under 15. Registration (a) Miscellaneous.

*Demand put and carried*

**(15) "15—Registration—(q) Printing Charges"**

**Mr. Parambi Lonappen** (*Minister for Revenue*): I rise to move for an additional allotment of Rs. 10,550 under "15—Registration—(q) Printing Charges."

LIBRARY ARCHIVES Kerala Legislative Assembly